<u>**പതിനാലാം കേരളനിയമസഭ**</u>

<u>**പതിനെട്ടാം സമ്മേളനം**</u>

| | |
|---|---|
| **<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:</u> *177** | **<u>11.02.2020-ൽ മറുപടിക്ക്</u>** |

**<u>പാസ്സ്പോർട്ട് പരിശോധനയ്ക്കായുള്ള സോഫ്റ്റ് വെയർ</u>**

| | ചോദ്യം<br>ശ്രീ.ടി.ജെ. വിനോദ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കേരള പോലീസിന്റെ പാസ്സ്പോർട്ട് പരിശോധനയ്ക്കായി സോഫ്റ്റ് വെയർ വികസിപ്പിക്കുവാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ; | (എ) | ബ്ലോക്ക് ചെയിൻ ടെക്നോളജി അടിസ്ഥാനമാക്കി പാസ്സ്പോർട്ട് പരിശോധന/പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി Total solution provider ആയ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ഒരു പ്രൊപോസൽ സമർപ്പിക്കുകയും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ഒരു Proof of Concept (PoC) ആപ്ലിക്കേഷൻ വികസിപ്പിക്കാൻ പ്രസ്തുത സ്ഥാപനത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര രൂപയാണ് പ്രസ്തുത സോഫ്റ്റ് വെയർ വികസനത്തിനായി സൊസൈറ്റിക്ക് നൽകേണ്ടത്; | (ബി) | Proof of Concept ആപ്ലിക്കേഷന് സൊസൈറ്റി 35 ലക്ഷംരൂപ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം നിർദ്ദേശങ്ങളുടെ സാങ്കേതികവും സാമ്പത്തികവുമായ വശങ്ങൾ ഒരു സാങ്കേതികസമിതി വിലയിരുത്തുകയും അതുപ്രകാരം ഉചിതമായ തലത്തിൽ ഭരണാനുമതി നൽകേണ്ടതുമുണ്ട്. ഈ വിലയിരുത്തൽ നടന്നുവരികയുമാണ്. |

| | | | |
|---|---|---|---|
| (സി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പോലീസിന്റെ ഡേറ്റാ ബാങ്ക് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റത്തിലുള്ള മുഴുവൻ വിവരങ്ങളും സൊസൈറ്റിയുടെ കയ്യിലെത്തുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (സി) | പോലീസിന്റെ ഡേറ്റാ ബേസ് ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടില്ല. ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റത്തിലുള്ള വിവരങ്ങൾ സൊസൈറ്റിയുടെ പക്കൽ എത്തുന്ന സാഹചര്യം നിലവിലില്ല. |
| (ഡി) | ഈ വിഷയത്തിൽ ഉയർന്ന് വന്നിട്ടുള്ള ആശങ്കകളുടെ അടിസ്ഥാനത്തിൽ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഈ ഘട്ടത്തിൽ പ്രസക്തമല്ല. സാങ്കേതിക സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ വിവരസഞ്ചയത്തിന്റെ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടും ഇതു സംബന്ധിച്ച് കോടതിയുടെ നിലവിലുള്ള പരിഗണനാ വിഷയങ്ങളിലെ തീരുമാനങ്ങൾ/നിർദ്ദേശങ്ങൾ പരിഗണിച്ചും മാത്രമെ ഇക്കാര്യത്തിൽ അന്തിമമായ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ